# മുഖവുര



**വി. എസ്. ശിവകുമാർ**
**ജലവിഭവ വകുപ്പ് മന്ത്രി**

ജനങ്ങൾക്ക് വേണ്ടിയാണ് അധികാര സംവിധാനം എന്ന ആശയത്തിൽ ഊന്നി നിന്നുകൊണ്ട് പൗരന്റെ അവകാശങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തു ന്നതിനും ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കു ന്നതിനും വേണ്ടിയാണ് 'പൗരാവകാശ രേഖ'. ജനങ്ങൾക്ക് സർക്കാർ നൽകുന്ന സേവനങ്ങളുടെ ലിഖിത രൂപവുമാണിത്. ജന പങ്കാളിത്തത്തിനും അവരുടെ ക്ഷേമ പ്രവർത്തനം സംബന്ധിച്ച വസ്തുതകൾ അറിയാനുള്ള പൗരന്റെ അവകാശത്തെ സംരക്ഷിക്കുവാനാണ് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്.

കേരളത്തിലെ ജലവിഭവ വകുപ്പിന്റെ ചരിത്രവും സേവന പ്രവർത്തനങ്ങളും ചുമതലകളും മറ്റും ജനങ്ങളെ അറിയിക്കുന്നതിന്റെയും സർക്കാരിന്റെ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ, ആധുനിക വൽക്കരണം, നിയമങ്ങൾ എന്നിവ കാലാ കാലങ്ങളിൽ ജനപ്രതിനിധികളും സാധാരണക്കാരും മനസ്സിലാക്കേണ്ടതായുണ്ട്. ഈ രണ്ടു ലക്ഷ്യങ്ങളും മുന്നിൽ വച്ചു കൊണ്ട് പൗരാവകാശ രേഖ പുറത്തിറക്കുകയാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച കൂട്ടായ്മയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് ജലവിഭവ വകുപ്പിന്റെ പൗരാവകാശ രേഖ സദയം സമർപ്പിക്കുന്നു.